# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **1465** **12.07.2011**-ൽ മറുപടിക്ക്

''നിർമ്മിതി കേന്ദ്രങ്ങളുടെ പ്രവർത്തനത്തിനുള്ള മാർഗ്ഗരേഖ''

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് | | ശ്രീ. കെ. എം. മാണി<br>(ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ നിർമ്മിതികേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് മാർഗ്ഗരേഖ നിലവിലുണ്ടോ;<br><br>(ബി) ഇല്ലെങ്കിൽ അത്തരത്തിലൊന്ന് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) & (ബി) | സംസ്ഥാനത്തെ നിർമ്മിതി കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് ഇപ്പോൾ പൊതുവായ ഒരു മാർഗ്ഗരേഖ നിലവിലില്ല. ഓരോ നിർമ്മിതി കേന്ദ്രവും അതതിൻെറ ഭരണ സമിതി അംഗീകരിച്ച മാർഗ്ഗരേഖ അനുസരിച്ചു പ്രവർത്തിക്കുന്നു. പൊതു മാർഗ്ഗരേഖ പുറപ്പെടുവിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. |
| (സി) സംസ്ഥാനത്ത് എവിടെയൊക്കെ നിർമ്മിതി കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിൻെറ കീഴിൽ തിരുവനന്തപുരം പി.റ്റി.പി. നഗറിലുള്ള ഹെഡ് ആഫീസിനു പുറമേ വട്ടിയൂർക്കാവ്, ബാർട്ടൺഹിൽ, കൊട്ടാരക്കര, തിരുവല്ല, അടൂർ, ചെട്ടികുളങ്ങര, കോട്ടയം, പാല, മുട്ടം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, വയനാട് എന്നീ സ്ഥലങ്ങളിൽ റീജണൽ ആഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. 14 ജില്ലാ കളക്ടർമാരുടെ കീഴിൽ എല്ലാ ജില്ലകളിലും ജില്ലാ നിർമ്മിതി കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. |

E.A.Rahman

സെക്ഷൻ ആഫീസർ